ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**ലാസ്റ്റ്ഗ്രേഡ് തസ്തികകളിലേക്ക് പരമാവധി നിയമനം നൽകാൻ നടപടി**

**28 (2131)** ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിക്കുന്നതിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ എന്നാണ് ലിസ്റ്റ് നിലവിൽ വന്നത് ; എത്രപേരുടെ ലിസ്റ്റാണ് പ്രസിദ്ധീകരിച്ചത് ; എത്ര പേർക്ക് നിയമനം നൽകി ;

(സി) ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ; കാലാവധി അവസാനിക്കുന്നതിനുമുമ്പ് പരമാവധി പേർക്ക് നിയമനം നൽകുന്നതിന് സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് നിയമനത്തിനുള്ള സംവരണം**

**29 (2132)** ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് ഡിപ്പാർട്ട്മെന്റ് കാട്ടവഴി പത്തു ശതമാനം സംവരണം തീരുമാനമുണ്ടെങ്കിൽ ഇപ്പോൾ 5 ശതമാനം മാത്രമേ നൽകുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംവരണം പത്തു ശതമാനം ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ഓരോ ജില്ലയിലും ഡിപ്പാർട്ട്മെന്റ് കാട്ട വഴി എൽ.ഡി.സി. നിയമനം കാത്തു കഴിയുന്നവരുടെ എണ്ണം എത്ര എന്നറിയിക്കാമോ ;

(ഡി) തസ്തിക മാറ്റം വഴി അസിസ്റ്റന്റ് ഗ്രേഡ്-2 ആയി നിയമനത്തിന് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 4 വർഷം സർവീസും 40 വയസ് കഴിയാൻ പാടില്ല എന്നുള്ള നിബന്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് ഡിപ്പാർട്ട്മെന്റ് കാട്ട വഴി അഞ്ച് ശതമാനം സംവരണമേ നിലവിലുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly